DA1/726/18

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് - അവാർഡായി ലഭിച്ച 3.00 ലക്ഷം (3,00,000) രൂപ ഉപയോഗിച്ച് കർമ്മസേനയുടെ നേതൃത്വത്തിൽ ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**2665/ 2018/ ത.സ്വ.ഭ. വ** തീയതി, തിരുവനന്തപുരം **17.10.2018**

പരാമർശം :- 1) ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2018- ലെ A4- 15/8/18- നമ്പർ കത്ത്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ പ്രത്യേക വിഷയ തീരുമാനം നംബർ 4.14

**ഉത്തരവ്**

പഞ്ചായത്തിൽ കർഷക കൂട്ടായ്മ ഒരു കാർഷിക കർമ്മസേന രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ടെന്നും ഇതിലൂടെ പഞ്ചായത്തിന് 2017- 18 വർഷം ജില്ലയിലെ മികച്ച ജൈവ കാർഷിക പഞ്ചായത്തിനുള്ള അവാർഡ് ലഭിച്ചുവെന്നും അവാർഡായി ലഭിച്ച 3.00 ലക്ഷം രൂപ ഉപയോഗിച്ച് കർമ്മസേനയുടെ നേതൃത്വത്തിൽ ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശം (2)ലെ യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ സഹായം നേടിയെടുക്കാൻ ശ്രമിക്കേണ്ടതും. ജൈവവളത്തിന്റെ ഗുണമേന്മ കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതുമാണ് എന്ന് നിബന്ധനയോടെ, അവാർഡായി ലഭിച്ച 3.00 ലക്ഷം (3,00,000) രൂപ ഉപയോഗിച്ച് കർമ്മസേനയുടെ നേതൃത്വത്തിൽ ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു..

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ജി

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**